LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 17-5-2014-ലെ സ.ഉ. (കൈ) നമ്പർ 101/2014/ആഭ്യന്തരം പ്രകാരം അനുമതി നൽകിയ പുതിയ വനിതാ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതിനായി 150 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) കെ.എ.പി. I-69, കെ.എ.പി. II-69, കെ.എ.പി. III-69, കെ.എ.പി. IV-69, കെ.എ.പി.V-69, എസ്.എ.പി.--71, എം.എസ്.പി.-69 എന്നീ ബറ്റാലിയനുകളിലായി 485 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കേരള സിവിൽ പോലീസ് കേഡർ പ്രകാരം പുരുഷൻമാർക്കും സ്ത്രീകൾക്കും തുല്യ അവകാശമായതിനാൽ പ്രത്യേകം തസ്തികകൾ നിർണ്ണയിച്ചിട്ടില്ല.

പോലീസ് സർജൻ അലവൻസ്

218 (2046) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മുപ്പത്തിയാറ് വർഷത്തിനിടയിൽ ഒരിക്കൽപോലും പരിഷ്കരിക്കപ്പെടാത്തതായ പ്രതിമാസ പോലീസ് സർജൻ അലവൻസ്, ശമ്പള പരിഷ്കരണ കമ്മീഷൻ പരിഗണിച്ചില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അലവൻസ് അടിസ്ഥാന ശമ്പളത്തിന്റെ പത്ത് ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ശിപാർശ അടിയന്തരമായി നടപ്പിലാക്കുമോ ;

(സി) പോലീസ് സർജൻമാർക്ക് കോടതി ഡ്യൂട്ടിക്ക് പോകുന്നതിനായി നൽകിവരുന്ന ടി.എ/ഡി.എ. എന്നിവയുടെ പ്രതിമാസ/ത്രൈമാസ പരിധി എടുത്ത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പോലീസ് വാഹനവും, സുരക്ഷാ ഉദ്യോഗസ്ഥനേയും എല്ലാ പോലീസ് സർജൻ യൂണിറ്റുകൾക്കും ലഭ്യമാക്കുമോ ;

(ഇ) ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന ഫോറൻസിക് മെഡിസിൻ ജൂനിയർ കൺസൾട്ടന്റുമാരെ അസിസ്റ്റന്റ് പോലീസ് സർജൻമാരായി നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശ അടിയന്തരമായി നടപ്പിലാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള മെഡിക്കോ ലീഗൽ സൊസൈറ്റി സമർപ്പിച്ച അപേക്ഷയിന്മേൽ സംസ്ഥാന പോലീസ് മേധാവി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ശുപാർശ സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ശുപാർശ ശമ്പള പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച ശുപാർശ ലഭിച്ചിട്ടില്ല.

(ഡി) അവശ്യ സമയങ്ങളിൽ പോലീസ് വാഹനവും പ്രത്യേക സുരക്ഷ ഏർപ്പെടുത്തേണ്ട അവസരങ്ങളിൽ സുരക്ഷാ ഉദ്യോഗസ്ഥനേയും നൽകിവരുന്നുണ്ട്.

(ഇ) ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

പോലീസ് ഗവേഷണകേന്ദ്രം

219 (2047) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതു സംബന്ധിച്ച് നയം വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പോലീസ് ഗവേഷണ കേന്ദ്രം എത്രമാത്രം പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഗവേഷണ കേന്ദ്രത്തിന്റെ ഘടന, പ്രവർത്തനം എന്നിവ എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) പോലീസ് സേനയുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ദേശീയതലത്തിൽ സ്ഥാപിതമായ ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (BPR&D)-ന്റെ മാതൃകയിൽ സംസ്ഥാന തലത്തിലും ഇത്തരം ഒരു ഗവേഷണ കേന്ദ്രം രൂപീകരിക്കുവാൻ സർക്കാർ തലത്തിൽ ആലോചിക്കുന്നുണ്ട്.